ഭാരത സർക്കാർ

നിയമ മന്ത്രാലയം

# ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ്, 2005

(2006-ലെ 4-ാം നമ്പർ ആക്റ്റ്)

(2010 ഫെബ്രുവരി 9-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE COMMISSIONS FOR THE PROTECTION OF CHILD RIGHTS ACT, 2005

(ACT No. 4 OF 2006)

(As on 9th February, 2010)

വില : 40 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്

2010

## ആമുഖം

2010 ഫെബ്രുവരി 9-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ് (2006-ലെ 4-ാം ആക്റ്റ്)-ന്റെ മലയാളത്തിലെ ആധികാരികപാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2010 ഏപ്രിൽ 30-ാം തീയതിയിലെ അസാധാരണ ഭാരത ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ്, 1-ാം വാല്യം, 6-ാം നമ്പരായി 2 മുതൽ 15 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

വി. കെ. ഭാസിൻ,

ഭാരത സർക്കാരിന്റെ സെക്രട്ടറി.

## PREFACE

This Edition of the Commissions for Protection of Child Rights Act, 2005 (Act 4 of 2006) as on 9th February, 2010 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. 1, No. 6 dated 30th April, 2010 on pages 2 to 15.

This authorised translation was published under the authority of the President under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

V. K. BHASIN,

*Secretary to the Government of India.*

3/1264/2011/DTP.

# ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ്, 2005
(2006-ലെ 4-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും | 2 |
| 2. | നിർവ്വചനങ്ങൾ | 2 |
| 3. | ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ദേശീയ കമ്മീഷന്റെ രൂപവൽക്കരണം | 2 |
| 4. | ചെയർപേഴ്സന്റെയും അംഗങ്ങളുടെയും നിയമനം | 3 |
| 5. | ചെയർപേഴ്സന്റെയും അംഗങ്ങളുടെയും കാലാവധിയും സേവനവ്യവസ്ഥകളും | 3 |
| 6. | ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ശമ്പളവും ബത്തകളും | 3 |
| 7. | ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യൽ | 3 |
| 8. | ചെയർപേഴ്സണോ അംഗമോ ഉദ്യോഗത്തിൽനിന്നും ഒഴിയുന്നത് | 4 |
| 9. | ഒഴിവുകൾ മുതലായവ കമ്മീഷന്റെ നടപടികളെ അസാധുവാക്കുന്നതല്ലെന്ന് | 4 |
| 10. | ബിസിനസ്പരമായ ഇടപാടിനുള്ള നടപടിക്രമം | 4 |
| 11. | കമ്മീഷന്റെ മെമ്പർ-സെക്രട്ടറിയും ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും | 5 |
| 12. | ശമ്പളവും ബത്തകളും ഗ്രാന്റിൽനിന്നും നൽകണമെന്ന് | 5 |
| 13. | കമ്മീഷന്റെ ചുമതലകൾ | 5 |
| 14. | അന്വേഷണവിചാരണകളെ സംബന്ധിച്ച അധികാരങ്ങൾ | 7 |
| 15. | അന്വേഷണവിചാരണയ്ക്കു ശേഷമുള്ള നടപടികൾ | 7 |
| 16. | കമ്മീഷന്റെ വാർഷികവും പ്രത്യേകവുമായ റിപ്പോർട്ടുകൾ | 7 |
| 17. | ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള സംസ്ഥാന കമ്മീഷന്റെ രൂപവൽക്കരണം | 8 |
| 18. | ചെയർപേഴ്സന്റെയും മറ്റംഗങ്ങളുടെയും നിയമനം | 8 |
| 19. | ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധിയും സേവനവ്യവസ്ഥകളും | 9 |
| 20. | ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ശമ്പളവും ബത്തകളും | 9 |
| 21. | സംസ്ഥാന കമ്മീഷന്റെ സെക്രട്ടറിയും ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും | 9 |

| | | |
|---|---|---|
| 22. | ശമ്പളവും ബത്തകളും ഗ്രാന്റിൽനിന്നും നൽകണമെന്ന് | 9 |
| 23. | സംസ്ഥാന കമ്മീഷന്റെ വാർഷികവും പ്രത്യേകവുമായ റിപ്പോർട്ടുകൾ | 9 |
| 24. | ബാലാവകാശ സംരക്ഷണത്തിനുവേണ്ടിയുള്ള ദേശീയ കമ്മീഷനെ സംബന്ധിച്ച ചില വ്യവസ്ഥകൾ സംസ്ഥാന കമ്മീഷനും ബാധകമാണെന്ന് | 10 |
| 25. | കുട്ടികളുടെ കോടതികൾ | 10 |
| 26. | സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ | 10 |
| 27. | കേന്ദ്രസർക്കാരിനാലുള്ള ഗ്രാന്റുകൾ | 11 |
| 28. | സംസ്ഥാന സർക്കാരിനാലുള്ള ഗ്രാന്റുകൾ | 11 |
| 29. | കമ്മീഷന്റെ അക്കൗണ്ടുകളും ആഡിറ്റും | 11 |
| 30. | സംസ്ഥാന കമ്മീഷന്റെ അക്കൗണ്ടുകളും ആഡിറ്റും | 11 |
| 31. | ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്കുള്ള സംരക്ഷണം | 12 |
| 32. | ചെയർപേഴ്സണും അംഗങ്ങളും മറ്റ് ഉദ്യോഗസ്ഥരും പബ്ലിക് സർവന്റുമാരായിരിക്കുമെന്ന് | 12 |
| 33. | കേന്ദ്രസർക്കാരിനാൽ ഉള്ള നിർദ്ദേശങ്ങൾ | 12 |
| 34. | റിട്ടേണുകൾ അല്ലെങ്കിൽ വിവരം | 12 |
| 35. | ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം | 13 |
| 36. | ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള സംസ്ഥാന സർക്കാരിന്റെ അധികാരം | 13 |
| 37. | വൈഷമ്യങ്ങൾ നീക്കം ചെയ്യുവാനുള്ള അധികാരം | 14 |

# 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ്

## (2006-ലെ 4-ാം നമ്പർ ആക്റ്റ്)

[2006 ജനുവരി 20]

ബാലാവകാശങ്ങളുടെ സംരക്ഷണത്തിനുവേണ്ടി ഒരു ദേശീയ കമ്മീഷനും സംസ്ഥാന കമ്മീഷനുകളും കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെയോ ബാലാവകാശലംഘനത്തിന്റെയോ സത്വരവിചാരണ ഏർപ്പെടുത്തുന്നതിന് കുട്ടികളുടെ കോടതികളും രൂപവൽക്കരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

കുട്ടികളുടെ അതിജീവനത്തിനും സംരക്ഷണത്തിനും വികസനത്തിനുംമേലുള്ള ഒരു പ്രഖ്യാപനം അംഗീകരിച്ച 1990-ലെ ഐക്യരാഷ്ട്ര (യു.എൻ.) പൊതുസഭയുടെ ഉന്നതതല സമ്മേളനത്തിൽ ഭാരതം പങ്കെടുത്തിട്ടുള്ളതിനാലും;

1992 ഡിസംബർ 11-ാം തീയതി ബാലാവകാശത്തിന്മേലുള്ള ഉടമ്പടി (സി. ആർ. സി.) ഭാരതവും അംഗീകരിച്ചിട്ടുള്ളതിനാലും;

സമ്മേളനത്തിൽ ഇനം തിരിച്ച് പറഞ്ഞിട്ടുള്ള കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും എടുക്കുന്നതിന് പ്രതിനിധിരാഷ്ട്രങ്ങളെ കടമപ്പെടുത്തിയ സി. ആർ. സി. ഒരു അന്താരാഷ്ട്ര ഉടമ്പടി ആകയാലും;

കുട്ടികളുടെ അവകാശങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി കുട്ടികൾക്കായി സർക്കാർ അടുത്തകാലത്തായി തുടക്കം കുറിച്ചവയിൽ ഒന്നാണ് 2003-ലെ കുട്ടികൾക്കു വേണ്ടിയുള്ള നാഷണൽ ചാർട്ടറിന്റെ അംഗീകാരം എന്നതിനാലും;

നടപ്പ് ദശകത്തിനുവേണ്ടി അംഗരാജ്യങ്ങളാൽ ഏറ്റെടുക്കപ്പെടേണ്ട ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും തന്ത്രവൈദഗ്ധ്യങ്ങളും പ്രവർത്തനങ്ങളും അടങ്ങുന്ന "കുട്ടികൾക്ക് അനുയോജ്യമായ ഒരു ലോകം" എന്ന ശീർഷകത്തോടുകൂടിയ ഒരു പരിണത രേഖ 2002 മേയ് മാസത്തിൽ കൂടിയ ഐക്യരാഷ്ട്ര പൊതുസഭയുടെ കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക സമ്മേളനം അംഗീകരിച്ചിട്ടുള്ളതിനാലും;

സി. ആർ. സി. യിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളും മറ്റെല്ലാ പ്രസക്തമായ അന്താരാഷ്ട്ര പ്രമാണങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ അംഗീകരിച്ചിട്ടുള്ള നയങ്ങൾക്ക് പ്രഭാവം നൽകുന്നതിനായി കുട്ടികളെ സംബന്ധിക്കുന്ന ഒരു നിയമമുണ്ടാക്കുന്നത് യുക്തമായതിനാലും;

ഭാരത റിപ്പബ്ലിക്കിന്റെ അമ്പത്തിയാറാം സംവൽസരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

3/1264/2011/DTP.

## അദ്ധ്യായം I

## പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ് എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനമൊഴികെ ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനംവഴി, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) ''ചെയർപേഴ്സൺ'' എന്നാൽ കമ്മീഷന്റെയോ സംസ്ഥാന കമ്മീഷന്റെയോ, അതതു സംഗതിപോലെ, ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(ഖ) ''ബാലാവകാശങ്ങൾ'' എന്നതിൽ 1989 നവംബർ 20-ാം തീയതി ബാലാവകാശത്തിന്മേൽ ഐക്യരാഷ്ട്ര സമ്മേളനം അംഗീകരിച്ചതും 1992 ഡിസംബർ 11-ാം തീയതി ഭാരതസർക്കാർ സ്ഥിരീകരിച്ചതുമായ കുട്ടികളുടെ അവകാശങ്ങളും ഉൾപ്പെടുന്നു;

(ഗ) ''കമ്മീഷൻ'' എന്നാൽ 3-ാം വകുപ്പിൻകീഴിൽ രൂപവൽക്കരിക്കപ്പെട്ട ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ദേശീയ കമ്മീഷൻ എന്നർത്ഥമാകുന്നു;

(ഘ) ''അംഗം'' എന്നാൽ കമ്മീഷന്റെയോ സംസ്ഥാന കമ്മീഷന്റെയോ, അതതു സംഗതിപോലെ, ഒരംഗം എന്നർത്ഥമാകുന്നതും, ചെയർപേഴ്സൺ ഉൾപ്പെടുന്നതുമാകുന്നു;

(ങ) ''വിജ്ഞാപനം'' എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ച) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഛ) ''സംസ്ഥാന കമ്മീഷൻ'' എന്നാൽ 17-ാം വകുപ്പിൻകീഴിൽ രൂപവൽക്കരിക്കപ്പെട്ട ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു സംസ്ഥാന കമ്മീഷൻ എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ദേശീയ കമ്മീഷൻ

3. ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ദേശീയ കമ്മീഷന്റെ രൂപവൽക്കരണം.—(1) കേന്ദ്രസർക്കാർ, വിജ്ഞാപനം വഴി, ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ദേശീയ കമ്മീഷൻ എന്നറിയപ്പെടുന്ന ഒരു നികായം ഈ ആക്റ്റിൻകീഴിൽ അതിനു നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും വേണ്ടി, രൂപവൽക്കരിക്കേണ്ടതാണ്.

(2) കമ്മീഷനിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(ക) കുട്ടികളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ശ്രദ്ധേയമായി പ്രവർത്തിച്ചിട്ടുള്ള ശ്രേഷ്ഠനായ ഒരാൾ ചെയർപേഴ്സണും;

(ഖ) കേന്ദ്രസർക്കാർ താഴെപ്പറയുന്ന മേഖലകളിൽ, ശ്രേഷ്ഠതയും കഴിവും സ്വഭാവദാർഢ്യവും പദവിയും അനുഭവജ്ഞാനവുമുള്ള വ്യക്തികളിൽ നിന്നും ആറ് അംഗങ്ങളെ നിയമിക്കേണ്ടതും, അതിൽ കുറഞ്ഞത് രണ്ടു പേരെങ്കിലും വനിതകളായിരിക്കേണ്ടതുമാണ്,—

(i) വിദ്യാഭ്യാസവും;

(ii) ശിശു ആരോഗ്യം, പരിരക്ഷ, ശിശുക്ഷേമം അല്ലെങ്കിൽ വികസനവും;

(iii) അവഗണിക്കപ്പെട്ടതോ പാർശ്വവൽക്കരിക്കപ്പെട്ടതോ ആയ കുട്ടികളുടെയോ വൈകല്യങ്ങളുള്ള കുട്ടികളുടെയോ ബാലനീതി അല്ലെങ്കിൽ പരിരക്ഷയും;

(iv) ബാലവേലയുടെയോ കുട്ടികളുടെ ദുരിതത്തിന്റെയോ ദൂരീകരണവും;

(v) ശിശു മനഃശാസ്ത്രം അല്ലെങ്കിൽ സാമൂഹിക ശാസ്ത്രവും;

(vi) കുട്ടികളെ സംബന്ധിക്കുന്ന നിയമങ്ങളും.

(3) കമ്മീഷന്റെ ആസ്ഥാനം ഡൽഹി ആയിരിക്കുന്നതാണ്.

4. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും നിയമനം.—കേന്ദ്രസർക്കാർ, വിജ്ഞാപനംവഴി, ചെയർപേഴ്സണെയും മറ്റ് അംഗങ്ങളെയും നിയമിക്കേണ്ടതാണ്:

എന്നാൽ, [1][വനിത-ശിശുവികസന വകുപ്പിന്റെയോ മന്ത്രാലയത്തിന്റെയോ ചുമതല വഹിക്കുന്ന മന്ത്രി] യുടെ അദ്ധ്യക്ഷതയിൽ കേന്ദ്രസർക്കാരിനാൽ രൂപവൽക്കരിച്ച മൂന്നംഗ തെരഞ്ഞെടുപ്പ് സമിതിയുടെ ശിപാർശയിൻമേൽ ചെയർപേഴ്സണെ നിയമിക്കേണ്ടതാണ്.

5. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധിയും സേവന വ്യവസ്ഥകളും.—(1) ചെയർപേഴ്സണും ഓരോ അംഗവും താൻ ഉദ്യോഗത്തിൽ പ്രവേശിച്ച തീയതി മുതൽ മൂന്നു വർഷക്കാലത്തേയ്ക്ക് ആ നിലയിൽ ഉദ്യോഗം വഹിക്കേണ്ടതാണ്:

എന്നാൽ, ചെയർപേഴ്സണോ ഒരംഗമോ രണ്ട് തവണയിൽ കൂടുതൽ ഉദ്യോഗം വഹിക്കാൻ പാടുള്ളതല്ല:

എന്നു മാത്രമല്ല, ചെയർപേഴ്സണോ മറ്റേതെങ്കിലും അംഗമോ, അയാൾക്ക്,—

(ക) ചെയർപേഴ്സന്റെ സംഗതിയിൽ അറുപത്തിയഞ്ച് വയസ്സും;

(ഖ) ഒരംഗത്തിന്റെ സംഗതിയിൽ അറുപതു വയസ്സും,

തികഞ്ഞതിനു ശേഷം ആ നിലയിൽ ഉദ്യോഗം വഹിക്കാൻ പാടുള്ളതല്ല.

(2) ചെയർപേഴ്സണോ ഒരംഗത്തിനോ ഏതു സമയത്തും കേന്ദ്രസർക്കാരിനെ സംബോധന ചെയ്തുകൊണ്ട് സ്വന്തം കൈപ്പടയിൽ എഴുതി ഉദ്യോഗത്തിൽ നിന്നും രാജിവയ്ക്കാവുന്നതാണ്.

6. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ശമ്പളവും ബത്തകളും.—ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ട ശമ്പളവും ബത്തകളും, മറ്റു സേവന നിബന്ധനകളും ഉപാധികളും കേന്ദ്ര സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്:

എന്നാൽ, ചെയർപേഴ്സന്റെയോ ഒരംഗത്തിന്റെയോ ശമ്പളവും ബത്തകളും അതുമല്ലെങ്കിൽ മറ്റു സേവന നിബന്ധനകളും ഉപാധികളും, അതതു സംഗതിപോലെ, അയാളുടെ നിയമനത്തിനു ശേഷം അയാൾക്ക് ഗുണകരമല്ലാത്ത വിധത്തിൽ മാറ്റുവാൻ പാടുള്ളതല്ല.

7. ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യൽ.—(1) (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി തെളിയിക്കപ്പെട്ട ദുർവൃത്തിയുടെയോ കഴിവില്ലായ്മയുടെയോ കാരണത്താൽ കേന്ദ്ര സർക്കാരിന് ഒരു ഉത്തരവുവഴി ചെയർപേഴ്സണെ അയാളുടെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കേന്ദ്ര സർക്കാരിന്, ചെയർപേഴ്സണോ മറ്റേതെങ്കിലും അംഗമോ,—

(ക) നിർധനനെന്ന് വിധിക്കപ്പെടുകയോ;

(ഖ) തന്റെ ഉദ്യോഗകാലാവധിക്കുള്ളിൽ തന്റെ ഔദ്യോഗിക കർത്തവ്യങ്ങൾക്ക് പുറമെ പ്രതിഫലം പറ്റുന്ന മറ്റേതെങ്കിലും ജോലിയിൽ ഏർപ്പെടുകയോ;

---

[1] 2006-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ (ഭേദഗതി) ആക്റ്റ് (2007-ലെ 4-ാം നമ്പർ ആക്റ്റ്)-ന്റെ 2-ാം വകുപ്പുപ്രകാരം പകരം ചേർത്തത്.

(ഗ) പ്രവർത്തിക്കുവാൻ വിസമ്മതിക്കുകയോ പ്രവർത്തിക്കുവാൻ പ്രാപ്തിയില്ലാതായി ത്തീരുകയോ;

(ഘ) ചിത്തഭ്രമമുണ്ടായിരിക്കുകയും ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിച്ചതു നിലനിൽക്കുകയോ;

(ങ) അയാൾ ഉദ്യോഗത്തിൽ തുടരുന്നത് പൊതുതാല്പര്യത്തിന് ഹാനികരമാകുംവിധം അയാളുടെ ഉദ്യോഗം അപ്രകാരം ദുരുപയോഗപ്പെടുത്തുകയോ;

(ച) കേന്ദ്ര സർക്കാരിന്റെ അഭിപ്രായത്തിൽ സാന്മാർഗ്ഗികാധഃപതനം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെടുകയും തടവിന് ശിക്ഷിക്കപ്പെടുകയും ചെയ്യുകയോ;

(ഛ) കമ്മീഷനിൽ നിന്നും അനുമതി ലഭിക്കാതെ കമ്മീഷന്റെ തുടർച്ചയായുള്ള മൂന്നു യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ

ചെയ്യുകയാണെങ്കിൽ ചെയർപേഴ്സണെയോ അങ്ങനെയുള്ള മറ്റേതെങ്കിലും അംഗത്തെയോ, അതതു സംഗതിപോലെ, ഉത്തരവുവഴി, ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(3) ഈ വകുപ്പിൻകീഴിൽ, യാതൊരാളെയും ഇക്കാര്യത്തിൽ അയാൾക്ക് പറയുവാനുള്ളത് ബോധിപ്പിക്കുവാനൊരവസരം നൽകുന്നതുവരെ നീക്കം ചെയ്യുവാൻ പാടുള്ളതല്ല.

8. ചെയർപേഴ്സണോ അംഗമോ ഉദ്യോഗത്തിൽ നിന്നും ഒഴിയുന്നത്.—(1) ചെയർപേഴ്സണോ, അതതു സംഗതിപോലെ, ഒരു അംഗമോ,—

(ക) 7-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും അയോഗ്യതക്കു വിധേയനായി ത്തീരുകയോ;

(ഖ) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പു പ്രകാരം അയാൾ രാജി സമർപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ, അതിൻമേൽ, അയാളുടെ സ്ഥാനത്ത് ഒഴിവുണ്ടാകുന്നതാണ്.

(2) മരണം, രാജി അല്ലെങ്കിൽ മറ്റുവിധ കാരണങ്ങളാൽ ചെയർപേഴ്സന്റെയോ ഒരു അംഗത്തിന്റെയോ ഔദ്യോഗികസ്ഥാനത്തിൽ യാദൃച്ഛികമായ ഒരു ഒഴിവ് ഉണ്ടാകുന്നപക്ഷം, അങ്ങനെയുള്ള ഒഴിവ് 4-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി തൊണ്ണൂറ് ദിവസക്കാലാവധിക്കകം പുതിയ നിയമനം നടത്തി നികത്തേണ്ടതും, ആരുടെ സ്ഥാനത്തേക്കാണോ അയാൾ അങ്ങനെ നിയമിതനായത്, ആ ചെയർപേഴ്സണോ അംഗമോ, അതതു സംഗതിപോലെ, ഉദ്യോഗം വഹിക്കുമായിരുന്ന അവശേഷിക്കുന്ന ഉദ്യോഗകാലാവധി വരെ ആ ആൾ ഉദ്യോഗം വഹിക്കേണ്ടതുമാണ്.

9. ഒഴിവുകൾ മുതലായവ കമ്മീഷന്റെ നടപടികളെ അസാധുവാക്കുന്നതല്ലെന്ന്.— കമ്മീഷന്റെ യാതൊരു പ്രവൃത്തിയും നടപടിയും,—

(ക) കമ്മീഷനിലെ ഏതെങ്കിലും ഒഴിവിന്റെയോ അതിന്റെ രൂപവൽക്കരണത്തിലെ ഏതെങ്കിലും ന്യൂനതയുടെയോ;

(ഖ) ഒരാളുടെ ചെയർപേഴ്സണായോ ഒരംഗമായോ ഉള്ള നിയമനത്തിലെ ന്യൂനതയുടെയോ;

(ഗ) കേസിന്റെ ഗുണാഗുണങ്ങളെ ബാധിക്കാത്ത കമ്മീഷന്റെ നടപടിക്രമത്തിലുള്ള ഏതെങ്കിലും ക്രമക്കേടിന്റെയോ,

കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

10. ബിസിനസ്പരമായ ഇടപാടിനുള്ള നടപടിക്രമം.—(1) ചെയർപേഴ്സണ് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള സമയത്ത് കമ്മീഷൻ പതിവായി അതിന്റെ ആഫീസിൽ യോഗം ചേരേണ്ടതും, എന്നാൽ, അവസാനത്തേതും തൊട്ടടുത്തതുമായ യോഗങ്ങൾ തമ്മിൽ മൂന്നു മാസത്തെ ഇടവേളയുണ്ടാകാൻ പാടില്ലാത്തതുമാണ്.

(2) ഒരു യോഗത്തിലെ എല്ലാ തീരുമാനങ്ങളും ഭൂരിപക്ഷത്താൽ എടുക്കേണ്ടതാണ്:

എന്നാൽ, വോട്ടുകളുടെ തുല്യതയുടെ സംഗതിയിൽ, ചെയർപേഴ്സണോ അയാളുടെ അസാന്നിദ്ധ്യത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന ആൾക്കോ രണ്ടാമത്തെ അല്ലെങ്കിൽ നിർണ്ണായക വോട്ട് ഉണ്ടായിരിക്കുന്നതും അത് പ്രയോഗിക്കേണ്ടതുമാണ്.

(3) ഏതെങ്കിലും കാരണത്താൽ ചെയർപേഴ്സണ് കമ്മീഷന്റെ യോഗത്തിൽ പങ്കെടുക്കുവാൻ സാധിക്കാതെ വന്നാൽ യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുത്ത ഏതെങ്കിലും ഒരംഗം ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(4) കമ്മീഷൻ, ഒരു യോഗത്തിൽ, അങ്ങനെയുള്ള യോഗത്തിന്റെ കോറം ഉൾപ്പെടെ അതിന്റെ ബിസിനസ്സ് നിർവ്വഹണത്തിന്, കേന്ദ്ര സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നടപടിച്ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

(5) കമ്മീഷന്റെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും മെമ്പർ-സെക്രട്ടറിയോ അല്ലെങ്കിൽ മെമ്പർ-സെക്രട്ടറി ഇതിലേക്കായി യഥാവിധി പ്രാധികാരപ്പെടുത്തിയ കമ്മീഷന്റെ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ പ്രമാണീകരിക്കേണ്ടതാണ്.

11. കമ്മീഷന്റെ മെമ്പർ-സെക്രട്ടറിയും ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും.—(1) ഭാരത സർക്കാരിന്റെ ജോയിന്റ് സെക്രട്ടറിയുടെയോ അഡീഷണൽ സെക്രട്ടറിയുടെയോ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെ കമ്മീഷന്റെ മെമ്പർ-സെക്രട്ടറിയായി, കേന്ദ്ര സർക്കാർ, വിജ്ഞാപനംവഴി, നിയമിക്കേണ്ടതും കമ്മീഷന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥരെയും ജീവനക്കാരെയും അതിന് ലഭ്യമാക്കേണ്ടതുമാണ്.

(2) കമ്മീഷന്റെ കാര്യങ്ങളുടെ ഉചിതമായ നടത്തിപ്പിനും അതിന്റെ ദൈനംദിന പ്രവർത്തനത്തിനും മെമ്പർ-സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതും കേന്ദ്ര സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ പ്രയോഗിക്കേണ്ടതും നിറവേറ്റേണ്ടതും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്.

(3) കമ്മീഷന്റെ ആവശ്യത്തിനുവേണ്ടി നിയമിക്കപ്പെട്ട മെമ്പർ-സെക്രട്ടറിക്കും മറ്റ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും നൽകേണ്ട ശമ്പളവും ബത്തകളും മറ്റു സേവന നിബന്ധനകളും ഉപാധികളും കേന്ദ്രസർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

12. ശമ്പളവും ബത്തകളും ഗ്രാന്റിൽ നിന്നും നൽകണമെന്ന്.—ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ട ശമ്പളവും ബത്തകളും, 11-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള മെമ്പർ-സെക്രട്ടറിക്കും മറ്റ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും നൽകേണ്ട ശമ്പളവും ബത്തകളും പെൻഷനും ഉൾപ്പെടെയുള്ള ഭരണപരമായ ചെലവുകളും, 27-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റിൽ നിന്നും നൽകേണ്ടതാണ്.

## അദ്ധ്യായം III

## കമ്മീഷന്റെ ചുമതലകളും അധികാരങ്ങളും

13. കമ്മീഷന്റെ ചുമതലകൾ.—(1) കമ്മീഷൻ താഴെ പറയുന്ന എല്ലാമോ, ഏതെങ്കിലുമോ ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(ക) ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിലോ അതിൻകീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുനഃപരിശോധിക്കുകയും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുക;

(ഖ) കമ്മീഷന് യുക്തമെന്ന് കരുതുന്നപക്ഷം, വാർഷികമായും അങ്ങനെയുള്ള ഇടവേളകളിലും അത്തരം സുരക്ഷാ ഏർപ്പാടുകളുടെ പ്രവർത്തനത്തിന്മേലുള്ള റിപ്പോർട്ടുകൾ കേന്ദ്ര സർക്കാരിന് ഹാജരാക്കുകയും ചെയ്യുക;

(ഗ) ബാലാവകാശ ലംഘനത്തിന്റെ അന്വേഷണവിചാരണ ചെയ്യുകയും അങ്ങനെയുള്ള കേസുകളിൽ നടപടികൾ തുടങ്ങുന്നതിന് ശിപാർശ ചെയ്യുകയും ചെയ്യുക;

(ഘ) ഭീകരപ്രവർത്തനം, വർഗ്ഗീയ കലാപം, ലഹള, പ്രകൃതിദുരന്തം, ഗാർഹിക ഹിംസ, എച്ച്. ഐ. വി./എയ്ഡ്സ്, അവിഹിത വാണിജ്യം, പീഡനം, ഭേദ്യംചെയ്യലും ചൂഷണവും, അശ്ലീല സാഹിത്യം, വ്യഭിചാരം എന്നിവയാൽ ബാധിക്കപ്പെട്ട കുട്ടികളുടെ അവകാശങ്ങൾ അനുഭവിക്കുന്നത് നിഷേധിക്കുന്ന എല്ലാ ഘടകങ്ങളേയും പരിശോധിക്കുകയും ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുക;

(ങ) ദുരിതമനുഭവിക്കുന്ന കുട്ടികളും പാർശ്വവൽക്കരിക്കപ്പെട്ടതും പ്രതികൂലാവസ്ഥയിലുള്ള തുമായ കുട്ടികളും നിയമനിഷേധികളായ കുട്ടികളും പക്വതയില്ലാത്ത കുട്ടികളും കുടുംബമില്ലാത്ത കുട്ടികളും തടവുകാരുടെ കുട്ടികളും ഉൾപ്പെടെ പ്രത്യേക ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ള കുട്ടികളെ സംബന്ധിച്ച സംഗതികൾ കണക്കിലെടുക്കുകയും ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുക;

(ച) സമാധാന ഉടമ്പടികളും മറ്റ് അന്താരാഷ്ട്ര രേഖകളും പഠിക്കുകയും ബാലാവകാശ ങ്ങളിൻമേൽ നിലവിലുള്ള നയങ്ങളുടെയും കാര്യപരിപാടികളുടെയും മറ്റ് പ്രവർത്തനങ്ങളുടെയും ആനുകാലിക പുനഃപരിശോധന ഏറ്റെടുക്കുകയും കുട്ടികളുടെ ഉത്തമതാല്പര്യത്തിനായി അവയുടെ ഫലപ്രദമായ നടപ്പാക്കലിനുവേണ്ട ശിപാർശകൾ നടത്തുകയും ചെയ്യുക;

(ഛ) ബാലാവകാശ മേഖലയിൽ ഗവേഷണം നടത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക;

(ജ) സമൂഹത്തിന്റെ വിവിധ വിഭാഗങ്ങൾക്കിടയിൽ ബാലാവകാശ സാക്ഷരത പ്രചരിപ്പി ക്കുകയും പ്രസിദ്ധീകരണങ്ങൾ, മാധ്യമങ്ങൾ, സെമിനാറുകൾ, മറ്റ് ലഭ്യമായ മാർഗ്ഗങ്ങൾ എന്നിവ യിലൂടെയും ഈ അവകാശങ്ങളുടെ സംരക്ഷണത്തിന് ലഭ്യമായിട്ടുള്ള സുരക്ഷാ ഏർപ്പാടുകളുടെ അവബോധം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക;

(ഝ) സാമൂഹിക സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ചികിത്സ യുടെയോ പരിവർത്തനത്തിന്റെയോ സംരക്ഷണത്തിന്റെയോ ആവശ്യങ്ങൾക്കുവേണ്ടി കുട്ടികളെ തടങ്കലിൽ വയ്ക്കുകയോ പാർപ്പിക്കുകയോ ചെയ്യുന്ന കേന്ദ്ര സർക്കാരിന്റെയോ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെയോ അല്ലെങ്കിൽ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയോ നിയന്ത്രണത്തിൻകീഴിലുള്ള ഏതെങ്കിലും ബാലസംരക്ഷണ മന്ദിരമോ മറ്റ് താമസസ്ഥലമോ, കുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനമോ പരിശോധിക്കുകയോ പരിശോധിപ്പിക്കുകയോ ആവശ്യമെന്ന് കാണുന്നപക്ഷം, ഈ അധികാരസ്ഥാപനങ്ങളുമായിച്ചേർന്ന് പരിഹാരനടപടി എടുക്കുകയും ചെയ്യുക;

(ഞ) (i) ബാലാവകാശങ്ങൾ നിഷേധിക്കലും ലംഘനവും;

(ii) കുട്ടികളുടെ സംരക്ഷണത്തിനും അഭിവൃദ്ധിക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്ന നിയമങ്ങൾ നടപ്പിലാക്കാതിരിക്കലും;

(iii) കുട്ടികളുടെ കഷ്ടപ്പാടുകൾ ലഘൂകരിക്കുന്നതിന് ലക്ഷ്യമിട്ട നയപരമായ തീരുമാനങ്ങളോ മാർഗ്ഗനിർദ്ദേശക രേഖകളോ നിർദ്ദേശങ്ങളോ നടപ്പിലാക്കാതിരിക്കലും കുട്ടികളുടെ ക്ഷേമം ഉറപ്പുവരുത്തുകയും അങ്ങനെയുള്ള കുട്ടികൾക്ക് ആശ്വാസം നൽകലും,

എന്നീ സംഗതികൾ സംബന്ധിച്ച പരാതികളിൽ അന്വേഷണവിചാരണ നടത്തുകയും സ്വമേധയാ പരിഗണനയ്ക്കെടുക്കുകയും,

അല്ലെങ്കിൽ അങ്ങനെയുള്ള സംഗതികളിൽ നിന്നും ഉത്ഭവിക്കുന്ന വിവാദ വിഷയങ്ങൾ സമുചിത അധികാരസ്ഥാനങ്ങളുമായിച്ചേർന്ന് പരിഗണനയ്ക്കെടുക്കുകയും ചെയ്യുക;

(ട) ബാലാവകാശങ്ങളുടെ പ്രോത്സാഹനത്തിന് ആവശ്യമെന്ന് അതിന് പരിഗണിക്കാവുന്ന അങ്ങനെയുള്ള മറ്റ് ചുമതലകളും മേൽപ്പറഞ്ഞ ചുമതലകൾക്ക് ആനുഷംഗികമായ മറ്റേതെങ്കിലും സംഗതികളും ചെയ്യുക.

(2) തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിൻകീഴിൽ യഥാവിധി രൂപവൽക്കരിച്ച ഒരു സംസ്ഥാന കമ്മീഷന്റെയോ മറ്റേതെങ്കിലും കമ്മീഷന്റെയോ മുമ്പാകെ നടന്നു കൊണ്ടിരിക്കുന്ന ഏതെങ്കിലും സംഗതികളിൽ കമ്മീഷൻ അന്വേഷണവിചാരണ നടത്താൻ പാടുള്ളതല്ല.

14. അന്വേഷണവിചാരണകൾ സംബന്ധിച്ച അധികാരങ്ങൾ.—(1) കമ്മീഷന് 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഞ) ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട ഏതെങ്കിലും സംഗതികളിൽ അന്വേഷണ വിചാരണ നടത്തുമ്പോൾ 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5)യുടെ കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും, പ്രത്യേകിച്ച്, താഴെ പറയുന്ന സംഗതികൾ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) ഏതൊരാളെയും വിളിച്ചുവരുത്തുകയും നിർബന്ധപൂർവ്വം ഹാജരാക്കിക്കുകയും, ശപഥത്തിന്മേൽ അയാളെ വിസ്തരിക്കുകയും ചെയ്യുക;

(ഖ) ഏതെങ്കിലും രേഖ വെളിപ്പെടുത്തുകയും ഹാജരാക്കുകയും ചെയ്യുക;

(ഗ) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുക;

(ഘ) ഏതെങ്കിലും കോടതിയിൽനിന്നോ ആഫീസിൽനിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുക;

(ങ) സാക്ഷികളെ വിസ്തരിക്കുന്നതിനോ പ്രമാണങ്ങൾ പരിശോധിക്കുന്നതിനോ കമ്മീഷനുകളെ നിയമിക്കുകയും ചെയ്യുക;

(2) ഏത് കേസും അത് വിചാരണ ചെയ്യാൻ അധികാരമുള്ള ഒരു മജിസ്ട്രേറ്റിന് അയച്ചു കൊടുക്കുവാനുള്ള അധികാരം കമ്മീഷനുണ്ടായിരിക്കുന്നതും ഏത് മജിസ്ട്രേറ്റിനാണോ അങ്ങനെ യുള്ള ഏതെങ്കിലും കേസ് അയച്ചുകൊടുത്തിട്ടുള്ളത്, ആ മജിസ്ട്രേറ്റ് കുറ്റാരോപണം ചെയ്യപ്പെട്ട ആൾക്കെതിരെയുള്ള പരാതി, ആ കേസ്, 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത (1974-ലെ 2) യിലെ 346-ാം വകുപ്പിൻകീഴിൽ തനിക്ക് അയച്ചിട്ടുള്ളതായിരുന്നാലെന്നപോലെ വിസ്താരം നടത്തേണ്ടതുമാണ്.

15. അന്വേഷണവിചാരണയ്ക്കുശേഷമുള്ള നടപടികൾ.—ഈ ആക്റ്റിൻകീഴിൽ നടത്തപ്പെട്ട അന്വേഷണവിചാരണ പൂർത്തിയാക്കിയശേഷം താഴെ പറയുന്ന ഏതെങ്കിലും നടപടികൾ കമ്മീഷന് എടുക്കാവുന്നതാണ്, അതായത്:—

(i) ബാലാവകാശത്തിൻമേൽ ഒരു ഗൗരവപരമായ ലംഘനമോ തത്സമയം പ്രാബല്യത്തി ലിരിക്കുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനമോ നടന്നതായി അന്വേഷണ വിചാരണയിൽ വെളിപ്പെടുന്നിടത്ത്, ബന്ധപ്പെട്ട ആളിനോ ആളുകൾക്കോ എതിരായി പ്രോസിക്യൂഷൻ നടപടികളോ കമ്മീഷന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള മറ്റു നടപടിയോ ആരംഭിക്കുവാൻ ബന്ധപ്പെട്ട സർക്കാരിനോടോ അധികാരസ്ഥാനത്തിനോടോ ശിപാർശ ചെയ്യുക;

(ii) കോടതിക്ക് ഉചിതമെന്ന് കരുതാവുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾക്കോ ഉത്തരവുകൾക്കോ റിട്ടുകൾക്കോ വേണ്ടി സുപ്രീംകോടതിയെയോ ബന്ധപ്പെട്ട ഹൈക്കോടതി യെയോ സമീപിക്കുക;

(iii) കമ്മീഷന് ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള ഇടക്കാല ആശ്വാസം പീഡിതനോ അയാളുടെ കുടുംബാംഗങ്ങൾക്കോ നൽകുന്നതിനായി ബന്ധപ്പെട്ട സർക്കാരിനോടോ, അധികാരസ്ഥാനത്തിനോടോ ശിപാർശ ചെയ്യുക.

16. കമ്മീഷന്റെ വാർഷികവും പ്രത്യേകവുമായ റിപ്പോർട്ടുകൾ.—(1) കമ്മീഷൻ, കേന്ദ്ര സർക്കാരിനും ബന്ധപ്പെട്ട സംസ്ഥാന സർക്കാരിനും ഒരു വാർഷിക റിപ്പോർട്ട് സമർപ്പിക്കേണ്ടതും, അതിന്റെ അഭിപ്രായത്തിൽ വാർഷിക റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ നീട്ടിവയ്ക്കുവാൻ പാടില്ലാത്ത അങ്ങനെയുള്ള അത്യാവശ്യമോ പ്രാധാന്യമോ ഉള്ള ഏതൊരു സംഗതിയിലും എപ്പോൾ വേണമെങ്കിലും പ്രത്യേക റിപ്പോർട്ടുകൾ സമർപ്പിക്കാവുന്നതുമാണ്.

(2) കമ്മീഷന്റെ ശിപാർശകളിൻമേലെടുത്തതോ എടുക്കുവാൻ ഉദ്ദേശിക്കുന്നതോ ആയ നടപടിയുടെയും സ്വീകരിക്കാത്ത ശിപാർശകൾ ഏതെങ്കിലുമുണ്ടെങ്കിൽ, അതിന്റെ കാരണങ്ങളുടേയും ഒരു വിവരക്കുറിപ്പോടുകൂടി കമ്മീഷന്റെ വാർഷികവും പ്രത്യേകവുമായ റിപ്പോർട്ടുകൾ, അതതു സംഗതിപോലെ, പാർലമെന്റിന്റെ ഓരോ സഭയിലും അല്ലെങ്കിൽ സംസ്ഥാന നിയമസഭയുടെ മുമ്പാകെ യഥാക്രമം കേന്ദ്രസർക്കാരും ബന്ധപ്പെട്ട സംസ്ഥാന സർക്കാരും, അതതു സംഗതിപോലെ, അത്തരം റിപ്പോർട്ടുകൾ ലഭിച്ച തീയതി മുതൽ ഒരു വർഷത്തിനകം വയ്പ്പിക്കേണ്ടതാണ്.

(3) കേന്ദ്ര സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും മാതൃകയിലും അങ്ങനെയുള്ള വിശദവിവരങ്ങൾ ഉൾപ്പെടുത്തിയും വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.

## അദ്ധ്യായം IV

## ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള സംസ്ഥാന കമ്മീഷനുകൾ

17. ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള സംസ്ഥാന കമ്മീഷന്റെ രൂപവൽക്കരണം.—(1) ഈ അദ്ധ്യായത്തിൻകീഴിൽ ഒരു സംസ്ഥാന കമ്മീഷന് നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ഏല്പിച്ചിട്ടുള്ള ചുമതലകൾ നിർവഹിക്കുന്നതിനുമായി ബാലാവകാശ സംരക്ഷണത്തിനുവേണ്ടിയുള്ള.................................................................... (സംസ്ഥാനത്തിന്റെ പേര്) കമ്മീഷൻ എന്നറിയപ്പെടുന്ന ഒരു നികായം ഒരു സംസ്ഥാന സർക്കാരിന് രൂപവൽക്കരിക്കാവുന്നതാണ്.

(2) സംസ്ഥാന കമ്മീഷനിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(ക) കുട്ടികളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ശ്രദ്ധേയമായ പ്രവർത്തനം നടത്തിയിട്ടുള്ളതും ശ്രേഷ്ഠനായതുമായ ഒരാൾ ചെയർപേഴ്സണും;

(ഖ) താഴെപ്പറയുന്ന മേഖലകളിൽ ശ്രേഷ്ഠതയും കഴിവും സ്വഭാവദാർഢ്യവും പദവിയും അനുഭവജ്ഞാനവുമുള്ള വ്യക്തികളിൽനിന്നും സംസ്ഥാന സർക്കാർ ആറ് അംഗങ്ങളെ നിയമിക്കേണ്ടതും അതിൽ കുറഞ്ഞത് രണ്ടു പേരെങ്കിലും വനിതകളായിരിക്കേണ്ടതുമാണ്,—

(i) വിദ്യാഭ്യാസവും;

(ii) ശിശു ആരോഗ്യം, പരിരക്ഷ, ശിശുക്ഷേമം അല്ലെങ്കിൽ വികസനവും;

(iii) അവഗണിക്കപ്പെട്ടതോ പാർശ്വവൽക്കരിക്കപ്പെട്ടതോ ആയ കുട്ടികളുടെയോ വൈകല്യങ്ങൾ ഉള്ള കുട്ടികളുടെയോ ബാലനീതി അല്ലെങ്കിൽ പരിരക്ഷയും;

(iv) ബാലവേലയുടെയോ കുട്ടികളുടെ ദുരിതത്തിന്റെയോ ദൂരീകരണവും;

(v) ശിശു മനഃശ്ശാസ്ത്രം അല്ലെങ്കിൽ സാമൂഹിക ശാസ്ത്രവും;

(vi) കുട്ടികളെ സംബന്ധിക്കുന്ന നിയമങ്ങളും.

(3) സംസ്ഥാന കമ്മീഷന്റെ ആസ്ഥാനം, സംസ്ഥാന സർക്കാർ, വിജ്ഞാപനം വഴി, വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള സ്ഥലത്തായിരിക്കേണ്ടതാണ്.

18. ചെയർപേഴ്സന്റെയും മറ്റംഗങ്ങളുടെയും നിയമനം.—സംസ്ഥാന സർക്കാർ, വിജ്ഞാപനംവഴി, ചെയർപേഴ്സണെയും മറ്റംഗങ്ങളെയും നിയമിക്കേണ്ടതാണ്:

എന്നാൽ, കുട്ടികളുടെ വകുപ്പിന്റെ ചുമതല കൈകാര്യം ചെയ്യുന്ന മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന സർക്കാർ രൂപവൽക്കരിച്ച മൂന്നംഗ തെരഞ്ഞെടുപ്പ് സമിതിയുടെ ശിപാർശയിന്മേൽ ചെയർപേഴ്സണെ നിയമിക്കേണ്ടതാണ്.

19. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധിയും സേവന വ്യവസ്ഥകളും.—(1) ചെയർപേഴ്സണും ഓരോ അംഗവും അയാൾ ഉദ്യോഗത്തിൽ പ്രവേശിച്ച തീയതി മുതൽ മൂന്നു വർഷക്കാലത്തേക്ക് ആ നിലയിൽ ഉദ്യോഗം വഹിക്കേണ്ടതാണ്:

എന്നാൽ ചെയർപേഴ്സണോ ഒരംഗമോ രണ്ട് തവണയിൽ കൂടുതൽ ഉദ്യോഗം വഹിക്കാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല ചെയർപേഴ്സണോ മറ്റേതെങ്കിലും അംഗമോ, അയാൾക്ക്—

(ക) ചെയർപേഴ്സന്റെ സംഗതിയിൽ, അറുപത്തിയഞ്ച് വയസ്സും;

(ഖ) ഒരംഗത്തിന്റെ സംഗതിയിൽ അറുപത് വയസ്സും,

തികഞ്ഞതിനുശേഷം ആ നിലയിൽ ഉദ്യോഗം വഹിക്കാൻ പാടുള്ളതല്ല.

(2) ചെയർപേഴ്സണോ ഒരംഗത്തിനോ ഏതു സമയത്തും സംസ്ഥാന സർക്കാരിനെ സംബോധന ചെയ്തുകൊണ്ട് സ്വന്തം കൈപ്പടയിൽ എഴുതി ഉദ്യോഗത്തിൽനിന്നും രാജിവയ്ക്കാവുന്നതാണ്.

20. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ശമ്പളവും ബത്തകളും.—ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ട ശമ്പളവും ബത്തകളും സേവനത്തിന്റെ മറ്റ് നിബന്ധനകളും ഉപാധികളും സംസ്ഥാന സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്:

എന്നാൽ, ചെയർപേഴ്സന്റെയോ ഒരംഗത്തിന്റെയോ ശമ്പളവും ബത്തകളും അതുമല്ലെങ്കിൽ മറ്റ് സേവന നിബന്ധനകളും ഉപാധികളും, അതതു സംഗതിപോലെ, അയാളുടെ നിയമനത്തിനുശേഷം അയാൾക്ക് ഗുണകരമല്ലാത്ത വിധത്തിൽ മാറ്റുവാൻ പാടുള്ളതല്ല.

21. സംസ്ഥാന കമ്മീഷന്റെ സെക്രട്ടറിയും ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും.—(1) സംസ്ഥാന സർക്കാരിന്റെ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെ കമ്മീഷന്റെ സെക്രട്ടറിയായി സംസ്ഥാന സർക്കാർ, വിജ്ഞാപനംവഴി, നിയമിക്കേണ്ടതും, സംസ്ഥാന കമ്മീഷന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവഹണത്തിന് ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥരെയും ജീവനക്കാരെയും അതിന് ലഭ്യമാക്കേണ്ടതുമാണ്.

(2) സംസ്ഥാന കമ്മീഷന്റെ കാര്യങ്ങളുടെ ഉചിതമായ നടത്തിപ്പിനും അതിന്റെ ദൈനംദിന പ്രവർത്തനത്തിനും സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതും സംസ്ഥാന സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും നിറവേറ്റേണ്ടതും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്.

(3) സംസ്ഥാന കമ്മീഷന്റെ ആവശ്യത്തിനുവേണ്ടി നിയമിക്കപ്പെട്ട സെക്രട്ടറിക്കും മറ്റ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും നൽകേണ്ട ശമ്പളവും ബത്തകളും മറ്റ് സേവനവ്യവസ്ഥകളും നിബന്ധനകളും സംസ്ഥാന സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

22. ശമ്പളവും ബത്തകളും ഗ്രാന്റിൽനിന്നും നൽകണമെന്ന്.—ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ട ശമ്പളവും ബത്തകളും 21-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള സെക്രട്ടറിക്കും മറ്റ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും നൽകേണ്ട ശമ്പളവും ബത്തകളും പെൻഷനും ഉൾപ്പെടെയുള്ള ഭരണപരമായ ചെലവുകളും 28-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റിൽനിന്നും നൽകേണ്ടതാണ്.

23. സംസ്ഥാന കമ്മീഷന്റെ വാർഷികവും പ്രത്യേകവുമായ റിപ്പോർട്ടുകൾ.—(1) സംസ്ഥാന കമ്മീഷൻ, സംസ്ഥാന സർക്കാരിന് ഒരു വാർഷിക റിപ്പോർട്ട് സമർപ്പിക്കേണ്ടതും അതിന്റെ അഭിപ്രായത്തിൽ വാർഷിക റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ നീട്ടിവയ്ക്കുവാൻ പാടില്ലാത്ത അങ്ങനെയുള്ള അത്യാവശ്യമോ പ്രാധാന്യമോ ഉള്ള ഏതൊരു സംഗതിയിലും എപ്പോൾ വേണമെങ്കിലും പ്രത്യേക റിപ്പോർട്ടുകൾ സമർപ്പിക്കാവുന്നതുമാണ്.

(2) സംസ്ഥാന സർക്കാർ, (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള എല്ലാ റിപ്പോർട്ടുകളും സംസ്ഥാനത്തെ സംബന്ധിക്കുന്ന ശിപാർശകളിന്മേൽ എടുത്തതോ എടുക്കുവാൻ ഉദ്ദേശിക്കുന്നതോ ആയ നടപടിയും സ്വീകരിക്കാത്ത അങ്ങനെയുള്ള ശിപാർശകൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവയുടെ കാരണങ്ങളും വിവരിച്ചുകൊണ്ടുള്ള ഒരു വിവരക്കുറിപ്പോടുകൂടി സംസ്ഥാന നിയമസഭ രണ്ടു സഭയോടുകൂടിയതാണെങ്കിൽ ഓരോ സഭയുടെ മുമ്പാകെയും ഒരു സഭ മാത്രം ഉള്ളിടത്ത് ആ സഭയുടെ മുമ്പാകെയും വയ്പിക്കേണ്ടതാണ്.

(3) സംസ്ഥാന സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും മാതൃകയിലും അങ്ങനെയുള്ള വിശദവിവരങ്ങൾ ഉൾപ്പെടുത്തിയും വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.

24. ബാലാവകാശ സംരക്ഷണത്തിനുവേണ്ടിയുള്ള ദേശീയ കമ്മീഷനെ സംബന്ധിച്ച ചില വ്യവസ്ഥകൾ സംസ്ഥാന കമ്മീഷന് ബാധകമാണെന്ന്.—7-ഉം 8-ഉം 9-ഉം 10-ഉം വകുപ്പുകളിലെയും 13-ാം വകുപ്പ് (1)-ാം ഉപവകുപ്പിലേയും 14-ഉം 15-ഉം വകുപ്പുകളിലെയും വ്യവസ്ഥകൾ സംസ്ഥാന കമ്മീഷന് ബാധകമായിരിക്കുന്നതും താഴെ പറയുന്ന രൂപഭേദങ്ങൾക്ക് വിധേയമായി പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

(ക) ''കമ്മീഷൻ'' എന്ന പരാമർശങ്ങൾക്ക് ''സംസ്ഥാന കമ്മീഷൻ'' എന്ന പരാമർശങ്ങളായി അർത്ഥം കൽപ്പിക്കേണ്ടതാണ്;

(ഖ) ''കേന്ദ്രസർക്കാർ'' എന്ന പരാമർശങ്ങൾക്ക് ''സംസ്ഥാന സർക്കാർ'' എന്ന പരാമർശങ്ങളായി അർത്ഥം കൽപ്പിക്കേണ്ടതാണ്;

(ഗ) "മെമ്പർ-സെക്രട്ടറി" എന്ന പരാമർശങ്ങൾക്ക് "സെക്രട്ടറി" എന്ന പരാമർശങ്ങളായി അർത്ഥം കൽപ്പിക്കേണ്ടതാണ്.

## അദ്ധ്യായം V

## കുട്ടികളുടെ കോടതികൾ

25. കുട്ടികളുടെ കോടതികൾ.—(1) കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെയോ ബാലാവകാശ ലംഘനത്തിന്റെയോ സത്വര വിചാരണ ഏർപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരിന് ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ അഭിപ്രായ ഐക്യത്തോടുകൂടി, വിജ്ഞാപനംവഴി, സംസ്ഥാനത്തെ ഒരു കോടതിയെ എങ്കിലും അല്ലെങ്കിൽ ഓരോ ജില്ലക്കും വേണ്ടി ഒരു സെഷൻസ് കോടതിയെ കുട്ടികളുടെ ഒരു കോടതിയായി പ്രസ്തുത കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിനായി വിനിർദ്ദേശിക്കാവുന്നതാണ്:

എന്നാൽ, ഈ വകുപ്പിലെ യാതൊന്നും, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൻകീഴിൽ അങ്ങനെയുള്ള കുറ്റങ്ങൾക്കുവേണ്ടി,—

(ക) ഒരു സെഷൻസ് കോടതിയെ ഒരു സ്പെഷ്യൽ കോടതിയായി മുമ്പേതന്നെ വിനിർദ്ദേശിച്ചിട്ടുണ്ടെങ്കിലോ; അല്ലെങ്കിൽ

(ഖ) ഒരു സ്പെഷ്യൽ കോടതി മുമ്പേതന്നെ രൂപവൽക്കരിച്ചിട്ടുണ്ടെങ്കിലോ, ബാധകമാകുന്നതല്ല.

26. സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ.— സംസ്ഥാന സർക്കാരിന്, വിജ്ഞാപനംവഴി, കുട്ടികളുടെ ഓരോ കോടതിക്കും ഒരു പബ്ലിക് പ്രോസിക്യൂട്ടറെ വിനിർദ്ദേശിക്കുകയോ അല്ലെങ്കിൽ ഏഴു വർഷത്തിൽ കുറയാതെ അഡ്വക്കേറ്റായി പ്രാക്ടീസുള്ള ഒരു അഡ്വക്കേറ്റിനെ ആ കോടതിയിൽ കേസുകൾ നടത്തുന്ന ആവശ്യത്തിലേക്കായി ഒരു സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിക്കുകയോ ചെയ്യേണ്ടതാണ്.

## അദ്ധ്യായം VI

## ധനകാര്യവും, അക്കൗണ്ടുകളും ആഡിറ്റും

27. കേന്ദ്രസർക്കാരിനാലുള്ള ഗ്രാന്റുകൾ.—(1) പാർലമെന്റ് നിയമം മുഖേന ഇതിലേക്കായി നടത്തിയ മുറപ്രകാരമുള്ള ധനവിനിയോഗത്തിന് ശേഷം, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് ഉചിതമെന്ന് കേന്ദ്രസർക്കാരിന് കരുതാവുന്ന അങ്ങനെയുള്ള പണത്തുകകൾ ഗ്രാന്റായി കമ്മീഷന് കേന്ദ്രസർക്കാർ നൽകേണ്ടതാണ്.

(2) കമ്മീഷന് ഈ ആക്റ്റിൻകീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് യുക്തമെന്ന് അത് കരുതുന്ന തുകകൾ ചെലവാക്കാവുന്നതും അങ്ങനെയുള്ള തുകകൾ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റിൽനിന്നും കൊടുക്കാവുന്ന വ്യയമായി കരുതപ്പെടേണ്ടതുമാണ്.

28. സംസ്ഥാന സർക്കാരിനാലുള്ള ഗ്രാന്റുകൾ.—(1) നിയമസഭ നിയമം മുഖേന ഇതിലേക്കായി നടത്തിയ മുറപ്രകാരമുള്ള ധനവിനിയോഗത്തിന് ശേഷം, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് ഉചിതമെന്ന് സംസ്ഥാന സർക്കാരിന് കരുതാവുന്ന അങ്ങനെയുള്ള പണത്തുകകൾ ഗ്രാന്റായി സംസ്ഥാന കമ്മീഷന് സംസ്ഥാന സർക്കാർ നൽകേണ്ടതാണ്.

(2) സംസ്ഥാന കമ്മീഷന് ഈ ആക്റ്റിന്റെ III-ാം അദ്ധ്യായത്തിൻകീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് യുക്തമെന്ന് അതു കരുതുന്ന തുകകൾ ചെലവാക്കാവുന്നതും അങ്ങനെയുള്ള തുകകൾ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റിൽ നിന്നും കൊടുക്കാവുന്ന വ്യയമായി കരുതപ്പെടേണ്ടതുമാണ്.

29. കമ്മീഷന്റെ അക്കൗണ്ടുകളും ആഡിറ്റും.—(1) കമ്മീഷൻ ശരിയായ അക്കൗണ്ടുകളും പ്രസക്തമായ മറ്റു റിക്കാർഡുകളും വച്ചുപോരേണ്ടതും ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലുമായി കൂടിയാലോചിച്ച് കേന്ദ്ര സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ അക്കൗണ്ടുകളുടെ ഒരു വാർഷിക സ്റ്റേറ്റുമെന്റ് തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

(2) കമ്മീഷന്റെ അക്കൗണ്ടുകൾ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറൽ, അദ്ദേഹം വിനിർദ്ദേശിച്ചേക്കാവുന്ന ഇടവേളകളിൽ ആഡിറ്റ് ചെയ്യേണ്ടതും, അങ്ങനെയുള്ള ആഡിറ്റ് സംബന്ധിച്ച് നേരിടുന്ന ഏതെങ്കിലും ചെലവ് കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലിന് കമ്മീഷൻ നൽകേണ്ടതുമാണ്.

(3) കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലിനും ഈ ആക്റ്റിൻകീഴിൽ കമ്മീഷന്റെ അക്കൗണ്ടുകളുടെ ആഡിറ്റ് സംബന്ധിച്ച് അദ്ദേഹം നിയമിക്കുന്ന ഏതെങ്കിലും ആൾക്കും അങ്ങനെയുള്ള ആഡിറ്റ് സംബന്ധിച്ച്, സർക്കാർ അക്കൗണ്ടുകളുടെ ആഡിറ്റ് സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലിന് പൊതുവായുള്ളതിന് സമാനമായ അവകാശങ്ങളും വിശേഷാവകാശങ്ങളും അധികാരവും ഉണ്ടായിരിക്കുന്നതും പ്രത്യേകിച്ചും ബുക്കുകളും അക്കൗണ്ടുകളും ബന്ധപ്പെട്ട വൗച്ചറുകളും മറ്റു പ്രമാണങ്ങളും രേഖകളും ഹാജരാക്കാൻ ആവശ്യപ്പെടുവാനും, കമ്മീഷന്റെ ഏത് ആഫീസും പരിശോധിക്കുവാനും ഉള്ള അവകാശവും ഉണ്ടായിരിക്കുന്നതുമാണ്.

(4) കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലോ ഇതിലേക്ക് അദ്ദേഹം നിയമിച്ച മറ്റേതെങ്കിലും ആളോ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള കമ്മീഷന്റെ അക്കൗണ്ടുകൾ ആഡിറ്റ് റിപ്പോർട്ട് സഹിതം കമ്മീഷൻ വർഷംതോറും കേന്ദ്ര സർക്കാരിന് അയച്ചുകൊടുക്കേണ്ടതും, കേന്ദ്ര സർക്കാർ, അത് ലഭിച്ചശേഷം കഴിയുന്നത്രവേഗം, പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ ആഡിറ്റ് റിപ്പോർട്ട് വയ്പിക്കേണ്ടതുമാണ്.

30. സംസ്ഥാന കമ്മീഷന്റെ അക്കൗണ്ടുകളും ആഡിറ്റും.—(1) സംസ്ഥാന കമ്മീഷൻ ശരിയായ അക്കൗണ്ടുകളും പ്രസക്തമായ മറ്റു റിക്കാർഡുകളും വച്ചുപോരേണ്ടതും ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലുമായി കൂടിയാലോചിച്ച് സംസ്ഥാന സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ അക്കൗണ്ടുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

(2) സംസ്ഥാന കമ്മീഷന്റെ അക്കൗണ്ടുകൾ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറൽ, അദ്ദേഹം വിനിർദ്ദേശിച്ചേക്കാവുന്ന ഇടവേളകളിൽ ആഡിറ്റ് ചെയ്യേണ്ടതും അങ്ങനെയുള്ള ആഡിറ്റ് സംബന്ധിച്ച് നേരിടുന്ന ഏതെങ്കിലും ചെലവ് കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലിന് സംസ്ഥാന കമ്മീഷൻ നൽകേണ്ടതുമാണ്.

(3) കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലിനും ഈ ആക്റ്റിൻകീഴിൽ സംസ്ഥാന കമ്മീഷന്റെ അക്കൗണ്ടുകളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് അദ്ദേഹം നിയമിക്കുന്ന ഏതെങ്കിലും ആൾക്കും, അങ്ങനെയുള്ള ആഡിറ്റ് സംബന്ധിച്ച് സർക്കാരിന്റെ അക്കൗണ്ടുകൾ ആഡിറ്റ് ചെയ്യുന്നത് സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലിന് പൊതുവായുള്ളതിന് സമാനമായ അവകാശങ്ങളും വിശേഷാവകാശങ്ങളും അധികാരവും ഉണ്ടായിരിക്കുന്നതും പ്രത്യേകിച്ചും ബുക്കുകളും അക്കൗണ്ടുകളും ബന്ധപ്പെട്ട വൗച്ചറുകളും പ്രമാണങ്ങളും മറ്റ് രേഖകളും ഹാജരാക്കുവാൻ ആവശ്യപ്പെടുവാനും സംസ്ഥാന കമ്മീഷന്റെ ഏത് ആഫീസും പരിശോധിക്കുവാനും ഉള്ള അവകാശവും ഉണ്ടായിരിക്കുന്നതുമാണ്.

(4) കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലോ അദ്ദേഹം ഇതിലേക്കായി നിയമിച്ച മറ്റേതെങ്കിലും ആളോ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള സംസ്ഥാന കമ്മീഷന്റെ അക്കൗണ്ടുകൾ അതിന്മേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം സംസ്ഥാന കമ്മീഷൻ വർഷം തോറും സംസ്ഥാന സർക്കാരിന് അയച്ചുകൊടുക്കേണ്ടതും സംസ്ഥാന സർക്കാർ അതു ലഭിച്ചശേഷം, കഴിയുന്നത്ര വേഗം, സംസ്ഥാന നിയമസഭയുടെ മുമ്പാകെ ആഡിറ്റ് റിപ്പോർട്ട് വയ്പിക്കേണ്ടതുമാണ്.

## അദ്ധ്യായം VII

### പലവക

31. <u>ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്കുള്ള സംരക്ഷണം.</u>—കേന്ദ്രസർക്കാരിനോ സംസ്ഥാന സർക്കാരിനോ കമ്മീഷനോ സംസ്ഥാന കമ്മീഷനോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും അംഗത്തിനോ അല്ലെങ്കിൽ കേന്ദ്രസർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ കമ്മീഷന്റെയോ അല്ലെങ്കിൽ സംസ്ഥാന കമ്മീഷന്റെയോ നിർദ്ദേശത്തിൻകീഴിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും ആൾക്കോ എതിരായി ഈ ആക്റ്റിൻകീഴിലോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടങ്ങൾക്ക് അനുസൃതമായോ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ, ചെയ്യുവാൻ ഉദ്ദേശിച്ചതോ ആയ എന്തെങ്കിലും സംബന്ധിച്ചോ അല്ലെങ്കിൽ, കേന്ദ്ര സർക്കാരിന്റെയോ, സംസ്ഥാന സർക്കാരിന്റെയോ, കമ്മീഷന്റെയോ സംസ്ഥാന കമ്മീഷന്റെയോ അധികാരത്താലോ അധികാരത്തിൻകീഴിലോ ഏതെങ്കിലും റിപ്പോർട്ടോ, രേഖകളോ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ചോ യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റു നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

32. <u>ചെയർപേഴ്സണും അംഗങ്ങളും മറ്റ് ഉദ്യോഗസ്ഥരും പബ്ലിക് സർവന്റുമാരായിരിക്കുമെന്ന്.</u>—കമ്മീഷനിലെയും സംസ്ഥാന കമ്മീഷനിലെയും ഓരോ അംഗവും ഈ ആക്റ്റിൻകീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുവാൻ കമ്മീഷനിലോ സംസ്ഥാന കമ്മീഷനിലോ നിയമിതരായ ഓരോ ഉദ്യോഗസ്ഥനും ഇന്ത്യൻശിക്ഷാനിയമസംഹിത (1860-ലെ 45)-ലെ 21-ാം വകുപ്പിന്റെ അർത്ഥ വ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക് സർവന്റായി കരുതപ്പെടുന്നതാണ്.

33. <u>കേന്ദ്ര സർക്കാരിനാൽ ഉള്ള നിർദ്ദേശങ്ങൾ.</u>—(1) ഈ ആക്റ്റിൻകീഴിൽ അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ ദേശീയ ആവശ്യങ്ങൾ സംബന്ധിച്ച നയപരമായ പ്രശ്നങ്ങളിന്മേൽ കമ്മീഷന് കേന്ദ്ര സർക്കാരിനാൽ നൽകാവുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ മാർഗ്ഗദർശകമാകേണ്ടതാണ്.

(2) ദേശീയ ആവശ്യങ്ങൾ സംബന്ധിച്ച ഒരു പ്രശ്നം നയപരമായ പ്രശ്നമാണോ അല്ലയോ എന്ന് കേന്ദ്രസർക്കാരും കമ്മീഷനും തമ്മിൽ എന്തെങ്കിലും തർക്കം ഉണ്ടാകുന്ന പക്ഷം, അതിന്മേലുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

34. <u>റിട്ടേണുകൾ അല്ലെങ്കിൽ വിവരം.</u>—കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ ആവശ്യപ്പെടുമ്പോൾ കമ്മീഷൻ അതിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച അങ്ങനെയുള്ള റിട്ടേണുകളും മറ്റുവിവരവും കേന്ദ്രസർക്കാരിന് നൽകേണ്ടതാണ്.

35. <u>ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം</u>.—(1) കേന്ദ്ര സർക്കാരിന്, വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്ത വിധത്തിലും അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെ പറയുന്ന വിഷയങ്ങളിൽ എല്ലാമോ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 6-ാം വകുപ്പിൻകീഴിൽ കമ്മീഷനിലെ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും സേവന നിബന്ധനകളും ഉപാധികളും അവരുടെ ശമ്പളവും ബത്തകളും;

(ഖ) 10-ാം വകുപ്പ് (4)-ാം ഉപവകുപ്പിൻകീഴിൽ ഒരു യോഗത്തിൽ അതിന്റെ കാര്യങ്ങളുടെ നടത്തിപ്പിനായി കമ്മീഷൻ അനുവർത്തിക്കേണ്ട നടപടിക്രമം;

(ഗ) 11-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ കമ്മീഷനിലെ മെമ്പർ-സെക്രട്ടറിക്ക് വിനിയോഗിക്കാവുന്നതും നിർവ്വഹിക്കാവുന്നതുമായ അധികാരങ്ങളും ചുമതലകളും;

(ഘ) 11-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിൽ കമ്മീഷനിലെ ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റ് സേവന നിബന്ധനകളും ഉപാധികളും;

(ങ) 29-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ കമ്മീഷൻ തയ്യാറാക്കേണ്ട അക്കൗണ്ടുകളുടെ സ്റ്റേറ്റുമെന്റിന്റെയും മറ്റ് റിക്കാർഡുകളുടെയും ഫാറം.

(3) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ഓരോ ചട്ടവും അതുണ്ടാക്കിയശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനത്തിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും മുൻപറഞ്ഞ സമ്മേളനത്തിലോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിന് മുൻപ്, ഇരു സഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരു സഭകളും ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതുമാണ്.

36. <u>ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള സംസ്ഥാന സർക്കാരിന്റെ അധികാരം</u>.—(1) സംസ്ഥാന സർക്കാരിന്, വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്ത വിധത്തിലും അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെ പറയുന്ന വിഷയങ്ങളിൽ എല്ലാമോ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 20-ാം വകുപ്പിൻകീഴിൽ സംസ്ഥാന കമ്മീഷനിലെ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും സേവന നിബന്ധനകളും ഉപാധികളും അവരുടെ ശമ്പളവും ബത്തകളും;

(ഖ) 10-ാം വകുപ്പ് (4)-ാം ഉപവകുപ്പ് 24-ാം വകുപ്പിനോട് കൂട്ടിവായിച്ചപ്രകാരം ഒരു യോഗത്തിൽ അതിന്റെ കാര്യങ്ങളുടെ നടത്തിപ്പിനായി സംസ്ഥാന കമ്മീഷൻ അനുവർത്തിക്കേണ്ട നടപടിക്രമം;

(ഗ) 21-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ സംസ്ഥാന കമ്മീഷനിലെ സെക്രട്ടറിക്ക് വിനിയോഗിക്കാവുന്നതും നിർവ്വഹിക്കാവുന്നതുമായ അധികാരങ്ങളും ചുമതലകളും;

(ഛ) 21-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിൽ സംസ്ഥാന കമ്മീഷന്റെ ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റു സേവന നിബന്ധനകളും ഉപാധികളും;

(ഞ) 30-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ സംസ്ഥാന കമ്മീഷൻ തയ്യാറാക്കേണ്ട അക്കൗണ്ടുകളുടെ സ്റ്റേറ്റുമെന്റിന്റെയും മറ്റ് റിക്കാർഡുകളുടെയും ഫാറം.

(3) ഈ വകുപ്പിൻകീഴിൽ സംസ്ഥാന സർക്കാർ ഉണ്ടാക്കുന്ന ഓരോ ചട്ടവും, അതുണ്ടാക്കിയശേഷം, ആകുന്നത്ര വേഗത്തിൽ, സംസ്ഥാന നിയമസഭയിൽ, രണ്ട് സഭകൾ ഉള്ളിടത്ത് ഓരോ സഭയുടെയും മുമ്പാകെയോ ഒരു സഭ മാത്രം ഉള്ളിടത്ത് ആ സഭയുടെ മുമ്പാകെയോ വയ്ക്കേണ്ടതാണ്.

37. വൈഷമ്യങ്ങൾ നീക്കം ചെയ്യുവാനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാവുകയാണെങ്കിൽ, കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ഉത്തരവ് വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതും വൈഷമ്യം നീക്കം ചെയ്യുവാൻ ആവശ്യമാണെന്ന് തോന്നാവുന്നതുമായ അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ടു വർഷം കഴിഞ്ഞതിനു ശേഷം ഈ വകുപ്പിൻകീഴിൽ യാതൊരു ഉത്തരവും ഉണ്ടാക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കിയ ഓരോ ഉത്തരവും അതുണ്ടാക്കിയശേഷം ആകുന്നത്ര വേഗം പാർലമെന്റിന്റെ ഓരോ സഭയുടേയും മുമ്പാകെ വയ്ക്കേണ്ടതാണ്.

# THE COMMISSIONS FOR PROTECTION OF CHILD RIGHTS ACT, 2005
(Act No. 4 Of 2006)

2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ്
(2006-ലെ 4-ാം നമ്പർ ആക്റ്റ്)

## GLOSSARY

| | | | |
|---|---|---|---|
| 1. | Assign | ഏല്പിക്കുക | Section 17(1) |
| 2. | Confer | നൽകുക | Section 17(1) |
| 3. | Distress | ദുരിതം | Section 3(2)(iv) |
| 4. | Elimination | ദൂരീകരണം | Section 3(2)(iv) |
| 5. | Maltreatment | പീഡനം | Section 13(d) |
| 6. | Ratify | ദൃഢീകരണം | Section 2(b) |
| 7. | Strategy | തന്ത്രവൈദഗ്ദ്ധ്യം | Preamble |